# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 681**

**29.01.2019 -ൽ മറുപടിയ്ക്ക്**

### വെട്ടിക്കോട് ചാൽ ടൂറിസം പദ്ധതി

ചോദ്യം

ശ്രീ.ആർ. രാജേഷ് :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മാവേലിക്കര മണ്ഡലത്തിലെ പ്രധാനപ്പെട്ട ടൂറിസം പദ്ധതിയായ വെട്ടിക്കോട് ചാൽ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | | |
| ബി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | എ) & ബി) & സി) | ആലപ്പുഴ ജില്ലയിലെ മാവേലിക്കര മണ്ഡലത്തിലെ ഡെവലപ്മെൻറ് ഓഫ് ടൂറിസം ഡെസ്റ്റിനേഷൻ വെട്ടിക്കോട് ആലപ്പുഴഎന്ന ടൂറിസം പദ്ധതിക്കായി 98,66,761/- രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. സൈറ്റ് ഡെവലപ്മെന്റ്, ഇൻഫർമേഷൻ സെന്റർ , വാഷ് റൂം & ടോയലെറ്റ്, കഫറ്റേരിയ , ടിക്കറ്റ് കൗണ്ടർ /സെക്യൂരിറ്റി ക്യാബിൻ , ചിൽഡ്രൻസ് പ്ലേ ഏരിയ , കുളത്തിന് ചുറ്റുമുള്ള നടപ്പാത, കുളത്തിന് ചുറ്റുമുള്ള ഇരിപ്പിടങ്ങൾ, എൻട്രിഗേറ്റും, മുൻവശത്തെ മതിലും, കുളത്തിന് ചുറ്റുമുള്ള സുരക്ഷാവേലി മറ്റ് അനുബന്ധ പ്രവർത്തികൾക്കും ഉൾപ്പെടെയാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. സർക്കാർ അംഗീകൃത ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന സ്ഥാപനത്തിനാണ് ഇതിന്റെ നിർവ്വഹണ ചുമതല . പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തിന്റെ മദ്ധ്യഭാഗത്തായുള്ള കുളത്തിന്റെ നവീകരണവും, സംരക്ഷണപ്രവർത്തനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ടൂറിസം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. |
| സി) | ഇതിനായി വകയിരുത്തിയ തുകയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ